# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3345      12.12.2014 ൽ മറുപടിക്ക്

ചരിത്ര -സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട്

ചോദ്യം

ശ്രീ. കുഞ്ഞമ്മത് മാസ്റ്റർ:

ഉത്തരം

ശ്രീ.കെ. സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കേരള ചരിത്ര-സാംസ്കാരിക പഠനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | '1968 ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്', '1972'ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ' എന്നിവ അനുസരിച്ച് പ്രാചീന സ്മാരകങ്ങളും പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും, പുരാവസ്തു ശാസ്ത്രസംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും, ശില്പവേലകൾ, കൊത്തുപണികൾ, അവയെപ്പോലുള്ള മറ്റു വസ്തുക്കൾ എന്നിവ കാത്തു സൂക്ഷിക്കുന്നതുമുൾപ്പെടെ നടപടി സ്വീകരിച്ചു വരുന്നു. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കേരള ചരിത്ര സാംസ്കാരിക പഠനങ്ങൾക്ക് സഹായകമാണ്. സാംസ്കാരിക വകുപ്പിന്റെ കീഴിൽ തൃപ്പൂണിത്തുറയിൽ സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് എന്ന സ്ഥാപനം ഇത്തരം പഠനങ്ങൾക്കു വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. |
| (ബി) | എങ്കിൽ ഇതിനുവേണ്ടി ചരിത്ര-സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇതു സംബന്ധിച്ച ശുപാർശകളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ